പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1564

31-01-2018 ൽ മറുപടിക്ക്

# ജൈവ വൈപ്പിൻ പദ്ധതി

ചോദ്യം

ശ്രീ.എസ്. ശർമ്മ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് കെ.എൽ.ഡി.സി. മുഖാന്തിരം നടപ്പാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് XX സ്കീമിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നതിൽ 10-ാം മത്തെ പ്രവൃത്തിയായ വീരംപുഴയുടെയും മറ്റ് ഒൻപത് അനുബന്ധ തോടുകളുടെയും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും പൂർത്തീകരണ ഘട്ടത്തിലാണ്. |
| (സി) | ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സം നിലവിലുണ്ടോ എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും കാരണമെന്തെന്നും വിശദമാക്കാമോ; | (സി) | വീരംപുഴയുടെയും മറ്റ് ഒൻപത് അനുബന്ധ തോടുകളുടെയും എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവ് മൂലം തടസ്സപ്പെട്ടു കിടക്കുന്നു. |
| (ഡി) | തടസ്സങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവ് പിൻവലിക്കുന്നതിന് പരിസ്ഥിതി ആഘാത നിർണ്ണയ പഠനത്തിന്റെ ഭാഗമായുള്ള ആദ്യ ഘട്ടം എന്ന നിലയ്ക്ക് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനത്തിലെ ശാസ്ത്രജ്ഞർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പഠനം നടത്തുകയും സ്റ്റാറ്റസ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | 25-01-2018 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ നൽകുന്ന നടപടികൾ കെ.എൽ.ഡി.സി. ആരംഭിച്ചി ട്ടുണ്ട്. |
| (ഇ) | തടസ്സപ്പെട്ടു കിടക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി സ്റ്റേ ഉത്തരവ് പിൻവലിക്കുന്ന മുറയ്ക്ക് തടസ്സപ്പെട്ടു കിടക്കുന്ന പ്രവർത്തികൾ പുനരാരംഭിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(തുക ലക്ഷത്തിൽ)

| | | |
|---|---|---|
| 1 | ജൈവ വൈപ്പിൻ പദ്ധതി-പുത്തൻ പാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ | 487.21 |
| 2 | ജൈവ വൈപ്പിൻ പദ്ധതി-എടവനക്കാട് വടക്കുംഭാഗം, പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 219.66 |
| 3 | വലിയ കടമക്കുടി, കോലടി-കടമക്കുടി, പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ | 196.68 |
| 4 | അരങ്ങിൽ-അയ്യംപിള്ളി, പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 146.77 |
| 5 | ചെറുകടമക്കുടി, പുലിക്കേപ്പുറം, മുരിക്കേക്കര പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ | 180.04 |
| 6 | വെസ്റ്റ് നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 239.69 |
| 7 | സെൻട്രൽ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 260.34 |
| 8 | ഈസ്റ്റ് നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 107.91 |
| 9 | ചക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ | 129.20 |
| 10 | ജൈവ വൈപ്പിൻ മേഖലയിലെ വീരംപുഴയിലെ കനാലുകളുടെ ഡ്രെഡ്ജിംഗ് നിർമ്മാണ പ്രവൃത്തികൾ റീച്ച് 1 മുതൽ 10 വരെ | 3691.78 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ